# വിസ്മയം

## ലിറ്റിൽ കൈറ്റ്സ് ഇ-മാഗസിൻ

## 2019-20

എസ് എൻ എം ഹൈസ്കൂൾ വണ്ണപ്പുറം

# സന്ദേശം



ലോകം
വിരൽ തുമ്പിൽ നിയന്ത്രിക്കുന്ന
ഈ കാലഘട്ടത്തിൽ
നമ്മുടെ വിദ്യാർത്ഥികൾക്ക്
സാങ്കേതിക പരിജ്ഞാനവും
സാങ്കേതിക
വിദ്യാഭ്യാസവും ലഭ്യമാക്കേണ്ടത്
അത്യാവശ്യമാണ്.ഈസാഹചര്യത്തിൽ
നമ്മുടെ സ്കൂളിലെ
വിദ്യാർത്ഥികളുടെ
നേതൃത്വത്തിൽ   ഒരു ഡിജിറ്റൽ
മാസികപ്രസിദ്ധീകരിക്കുന്നു
എന്നറിഞ്ഞതിൽ അതിയായ
സന്തോഷമുണ്ട്..
ഈ
ഡിജിറ്റൽ മാഗസിൻ ഒരു ഉത്തമ
മാതൃകയാണ്. ഉള്ളിൽ തെളിയുന്ന,സാഹിത്യവാസനകളെയും
വിജ്ഞാനദർശനങ്ങളെയും,ഡിജിറ്റൽ രൂപത്തിൽ
അവതരിപ്പിക്കാനുള്ള അവസരവും ഇതു
വിദ്യാർത്ഥികൾക്ക്നൽകുന്നു.കാലത്തിന്റെ
പുരോഗതിയിൽ  കൈവിളക്കുകവാൻ
ലിറ്റിൽ കൈറ്റുകൾക്ക് കഴിയട്ടെ.
വിദ്യാർത്ഥികളിൽ
സർഗാത്മക ചിന്തകൾക്ക് ചിറകുനൽകാൻ
ഈ സംരംഭം
സഹായകമാകട്ടെ.
'വിസ്മയം' എന്ന
മാഗസിനും ഇതിന്റെ പിന്നണി
പ്രവർത്തകർക്കും എന്റെ
എല്ലാവിധ ആശംസകളും നേരുന്നു.



# സന്ദേശം

കേരളത്തിലെ വിദ്യാഭ്യാസരംഗം വിപ്ലവകരമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്.ഹൈടെക് വിദ്യാലയങ്ങളാണ് കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ പുതിയ മുഖം. ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' വലിയ ഒരു മാറ്റത്തിനാണ് നാന്ദി കുറിച്ചിരിക്കുന്നത് .

മികവുറ്റ പ്രവർത്തനങ്ങളിലൂടെ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അഭിനന്ദനാർഹമായ പ്രകടനമാണ് കാഴ്ചവെക്കുന്നത്. ലിറ്റിൽ കൈറ്റ്സിന്റെ പുതിയ കാൽവയ്പായ ഡിജിറ്റൽ മാഗസിന് ഹൃദയം നിറഞ്ഞ ഭാവുകങ്ങൾ നേരുന്നു.

മനോജ് .ആർ
പ്രിൻസിപ്പൽ




# സന്ദേശം



അറിവും  അറിവ് കൈകാര്യം ചെയ്യുന്ന രീതിയും  സമൂഹത്തോടൊപ്പം വളർന്ന് വികസിക്കുന്നു. വിവരങ്ങൾ വിനിമയം ചെയ്യുന്ന രീതി വളരെയധികം മാറ്റപ്പെട്ടിരിക്കുന്നു. അച്ചടി, ടൈപ്പ് റൈറ്റർ തുടങ്ങി പലതും കാലാഹരണപ്പെട്ട് പോയിരിക്കുന്നു. ഇതിന്റെ സ്ഥാനം ഇന്ന് കമ്പ്യൂട്ടറുകൾ ഏറ്റെടുത്തിരിക്കുന്നു എന്ന്പറയാം. ലോകം വിരൽ തുമ്പിലായിരിക്കുന്നു. വിവരസാങ്കേതിക വിദ്യയുടെ പ്രതിഫലനമാണ്  ഡിജിറ്റൽ മാഗസിൻ. പ്രകാശവേഗത്തിൽ ദേശങ്ങൾക്കപ്പുറത്തേക്ക് വിവരങ്ങൾ എത്തിക്കാൻ ഇത് സഹായിക്കുന്നു. എസ്. എൻ. എം.കുടുംബത്തിന്റെ ആദ്യസംരംഭമായ " വിസ്മയം " എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു....

സിന്ധു.ഡി          ഹെഡ്മിസ്ട്രസ്



# എഡിറ്റോറിയൽ ബോർഡ്



## ചീഫ് എഡിറ്റർ

ശ്രീമതി രമണി എ കെ
സീനിയർ അസിസ്‌റ്റൻറ്
എസ്. എൻ .എം. എച്ച്. എസ്.
വണ്ണപ്പുറം.
ഫോൺ: 9605664611

## സബ് എഡിറ്റേഴ്സ്

ശ്രീമതി സുജി മോൾ കെ.ബി
**HST** ഗണിതം
ശ്രീമതി ഗായത്രിദേവി റ്റി എം
**HST** മലയാളം
ശ്രീമതി സുമയ്യ പി എം
**HST** ജീവശാസ്ത്രം

## സ്റ്റുഡന്റ് എഡിറ്റേഴ്സ്

കുമാരി പാർവതി സാബു
കുമാരി ബിസ്മി സി.കെ
കുമാരി ആഷ്‌ന അൻസാരി
കുമാരി ലക്ഷ്മി എം. ബി

## ഡിസൈൻ & ലേഔട്ട്

മാസ്റ്റർ അതുൽ സി സുതൻ
മാസ്റ്റർ അദ്വൈത് സുനിൽ

**Published on 1.11.2019**

# എഡിറ്റോറിയൽ

നാളെയുടെ പ്രതീക്ഷകളാണ് ഓരോ വിദ്യാർത്ഥികളും. മാറ്റുരയ്ക്കാൻ കഴിയാത്ത കഴിവിന്റെ നിറകുടങ്ങൾ. സ്വന്തം കൈവെള്ളയിൽ ഭൂലോകത്തെ ഒതുക്കാൻ കഴിവുള്ള സാങ്കേതിക വിദ്യകളുമായി ഇഴപിരിയാതെ ജീവിക്കുന്ന പുതുതലമുറ...

ആധുനികതയുടെ ബോധ്യങ്ങളുമായി തനിക്കു ചുറ്റുമുള്ള സമൂഹത്തോട് വിദ്യാർത്ഥികൾ എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ നേർകാഴ്ചകളാണ്"ലിറ്റിൽ കൈറ്റ് "ക്ലബുകളുടെ പ്രവർത്തനം. എസ്.എൻ.എം.സ്കൂളിലെ കമ്പ്യൂട്ടർ പ്രതിഭകളായ"ലിറ്റിൽകൈറ്റുകൾ"അവരുടെസാങ്കേതി കത്തികവിൽ നെയ്തെടുത്ത വൈവിധ്യമാർന്ന രചനകളുടെ സമ്മേളനമാണ് "വിസ്മയം."ഇതിൽ കോറിയിട്ട ഓരോ വരികളും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ബാലപാഠങ്ങൾ അടയാളപ്പെടുത്തുന്നു. വർത്തമാന കാലത്തിന്റെ യാഥാർത്ഥ്യത്തിലേക്കുള്ള എത്തിനോട്ടം.... തിരിച്ചറിവറിന്റെ പാതയിലൂടെയുള്ള പ്രയാണം.... "ലിറ്റിൽ കൈറ്റ് " അംഗങ്ങളുടെ കരവിരുതിൽ നെയ്തെടുത്ത "വിസ്മയം"എന്ന അക്ഷരചെപ്പ് സ്നേഹാദരവോടെ....ഹൃദയപൂർവം നിങ്ങൾക്കായി സമർപ്പിക്കുന്നു.

എഡിറ്റോറിയൽ ബോർഡ്



# സ്കൂൾ ചരിത്രം



പ്രൗഢമായ സാംസ്കാരിക പാമ്പര്യത്തിന്റെ ഉറവിടവും നന്മകളാൽ സമൃദ്ധവുമായ വണ്ണപ്പുറത്തെ സാധാരണക്കാരുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക്  നിറം പകർന്നുകൊണ്ട് എസ്.എൻ.എം.വി.എച്ച്.എസ്.എസ്. പ്രശസ്തിയുടെ പാതയിലൂടെ അതിവേഗം മുന്നേറുന്നു. 1953 ജൂൺ 1ന് നെടുംതടത്തിൽ  മത്തായി ഐപ്പ് മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂളാണ് ഇന്നത്തെ ശ്രീനാരായണ മെമ്മോറിയൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളായിമാറിയത്. 1963ൽ,മുവാറ്റുപുഴഎസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറിയായിരുന്ന പുളിമൂട്ടിൽ ശ്രീ പി.എൻ.കുമാരൻ അവർകൾ സ്കൂൾ മാനേജരായതോടുകൂടി സ്കൂളിന്റെ പുരോഗതി ത്വരിതഗതിയിലായി.1967 ൽ യു പി സ്കൂളിന്  അംഗീകാരംലഭിച്ചു.1976ൽ ഹൈസ്കൂൾ അനുവദിച്ചു. 1995 ൽഹയർ സെക്കന്ററിക്കും അംഗീകാരം ലഭിച്ചു. ശ്രീ നാരായണ ഗുരുദേവ ദർശനത്തിൽ ആകൃഷ്ടനായി പൊതുപ്രവർത്തനം ആരംഭിച്ച ശ്രീ പി.എൻ.കുമാരൻ അവർകൾ നീലകണ്഻ന്റെയും ചീരമ്മയുടെയും മകനായി ജനിച്ചു.ദീർഘവീക്ഷണത്തോടു കൂടിയ അദ്ദേഹത്തിന്റെ  പ്രവർത്തനം സ്കൂളിനെ ഉയരങ്ങളിൽ എത്തിച്ചു. സാമ്പത്തികമായും സാമുഹികമായും പിന്നോക്കംനിൽക്കുന്ന കുട്ടികൾക്ക് ഉന്നത നിലവാരമുള്ള വിദ്യാഭാസം നൽകുകയാണ് ഈ സ്ഥാപനത്തിന്റെലക്ഷ്യം.വിദ്യകൊണ്ട്  സ്വതന്ത്രരാവുക എന്ന ഗുരുദേവ സന്ദേശം പ്രാവർത്തികമാക്കുകയാണ് എസ്.എൻ.എം.വി.എച്ച്.എസ്.എസ് വണ്ണപ്പുറം..

# ഉള്ളടക്കം


ലേഖനം-സാമൂഹിക മാധ്യമം............................................9
കവിത-
ഗാന്ധി............................................................12
അമ്മ എന്ന
സ്വപ്നം...................................................13
ചന്ദനക്കാട്ടിലെ
കൊന്നമരം.............................................15
അവർ കഥ
കേൾക്കട്ടെ...................................................17
പുത്തൻ ഭക്ഷണ ശീലവും ആരോഗ്യ പ്രശ്നങ്ങളും....19
വനരോദനം.............................................................
22
തിരിച്ചറിവ്.............................................................
23
എൻ
അമ്മ.............................................................26
Life.......................................................................
27
മനം നൊന്തൊരു
പുഴ.....................................................28
ഓറഞ്ചു മരങ്ങളെ
തേടി.................................................30
പ്രളയം....................................................................
33
ധർമ്മ
ദീപം..............................................................34
മരമാണ് ആഗോളതാപനത്തിനുള്ള മറുപടി..................36
Little Kite
Activities.....................................................38

# ലേഖനം-സാമൂഹിക മാധ്യമം

ഇന്ന് സമൂഹ മാധ്യമങ്ങള് നമ്മെ ഏറെ സ്വാധീനിക്കുന്നുണ്ട്. കുട്ടികള് മുതല് പ്രായമായവര് വരെ ഇത് ഒരു മുഖ്യഘടകമായി കാണുന്നു.
 സമൂഹമാധ്യമങ്ങളുടെ ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്.നവമാധ്യമങ്ങളാണ് ഇന്ന് ഈ തലമുറയുടെ ജീവിതശൈലി തന്നെ നിയന്ത്രിക്കുന്നത്.ചിന്തകള്, തീരുമാനങ്ങള്, വിശ്രമം, സമയം,വിജ്ഞാനം, കുടുംബാംഗങ്ങളുമായുള്ള സമ്പര്ക്കം അങ്ങനെ പലതും....നവമാധ്യമങ്ങളെ പറ്റി പറയുമ്പോള് നമ്മുടെ മനസ്സിലേക്ക് ഓടി വരുന്നത് ഇലക്ട്രോണിക് നവമാധ്യമം, നവയുഗമാധ്യമം തുടങ്ങിയവയാണ്.




ടെലിവിഷനും റേഡിയോയും ഇലക്ട്രോണിക് മാധ്യമങ്ങളില് ഉള്പ്പെടുന്നു. ഇന്റര്നെറ്റ്, സ്മാര്ട്ട് ഫോണ് എന്നിവ നവയുഗ മാധ്യമത്തിലുംഉള്പ്പെടുന്നു.

നവമാധ്യമങ്ങളുടെ അധിനിവേശത്താല് ലോകം ഒരു ആഗോള ഗ്രാമത്തിലെത്തുന്നു. ഇന്റർനെറ്റിലൂടെ അവർ മറ്റൊരു ലോകത്തേക്കെത്തുന്നു. പലപ്പോഴും ഇതുവഴി അവർക്ക് പല തരത്തിലുള്ള പ്രശ്നങ്ങളുണ്ടാകുന്നു.

മാധ്യമങ്ങൾ നല്ല രീതിയിൽ ഉപയോഗിക്കുന്നവരുണ്ട്. ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ നമ്മുടെ വളർച്ചക്കുതകുന്ന ഉപപകാരപ്രദമായ നല്ല ഉപകരണങ്ങളാണ് നവമാധ്യമങ്ങൾ. അതിലൊരു സംശയവും വേണ്ട.വാർത്തകൾ വേഗത്തിൽ അറിയുവാൻ മാത്രമല്ല, സാമൂഹിക സാംസ്കാരിക പുരോഗതിയിൽ മനുഷ്യരെ പങ്കാളികളാക്കാൻ മാധ്യമങ്ങൾക്കു സാധിക്കുന്നു. ഇതു നമ്മുടെ വിദ്യാഭ്യാസ പുരോഗതിക്കും ധാർമ്മിക വളർച്ചക്കും ഏറെ ഫലപ്രദമാണ്. അതിരുകളില്ലാത്ത വലിയൊരു വിസ്മയ , വിസ്തൃത വലയമായിരിക്കുകയാണ് നമ്മുടെ ലോകം. ഏതു മുക്കിലും മൂലയിലും സംഭവിക്കുന്ന കാര്യങ്ങൾ അനുനിമിഷം നമ്മുടെ വിരൽ തുമ്പിൽ എത്തുന്നു. നന്മയുടെ അവബോധം വളർത്തി ജനങ്ങളെ കർമ്മോന്മുഖരാക്കാൻ ഇന്ന് സമൂഹമാധ്യമങ്ങൾക്ക് സാധിക്കുന്നു.വിദ്യാഭ്യാസരംഗത്ത് വലിയൊരു പുരോഗതി മാധ്യമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവയൊക്കെ നമുക്ക് അഭിമാനകരമായി പറയാവുന്നതാണ്.മാധ്യമങ്ങൾക്കെതിരെ നമ്മൾ അടിയറവു പറയുകയല്ല വേണ്ടത്,മറിച്ച് ഉത്തരവാദിത്വത്തോടെ സമൂഹത്തിന്റെ നന്മക്കും പുരോഗതിക്കുമായി അവയെ ഫലപ്രദമായി ഉപയോഗിക്കുകയാണ് ചെയ്യേണ്ടത്.

അങ്ങനെ നന്മയുടെ ചാലകശക്തിയായ മാധ്യമങ്ങൾ ശരിയാംവണ്ണം നന്മക്കായി ഉപയോഗിക്കാം. കുട്ടികൾ കൊലപാതകത്തിലും ക്രൂരകൃത്യങ്ങളിലും ഏർപ്പെടുന്ന സംഭവങ്ങൾ ഇന്ന് നിരവധിയാണ്. ഇനിയും കുട്ടികളെ അക്രമണത്തിന് വിട്ടുകൊടുക്കാതെ നേർവഴിക്ക് നടത്താൻ നമുക്ക് ശ്രമിക്കാം. മാധ്യമ സൃഷ്ടമായ ഈ ലോകത്ത് നന്മയുടെ ചാലകശക്തിയായ മാധ്യമങ്ങളെ സമൂഹത്തിന്റെ നന്മക്കായി ഉപയോഗിക്കാൻ വരുംതലമുറകൾക്കു സാധിക്കട്ടെ. മാധ്യമാവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ നമുക്ക് കൈകോർക്കാം.

**ജിയ ജോൺസൺ 9ബി**


# കവിത-ഗാന്ധി

മനോജ് ആർ



ക്രൂര മർദ്ദനങ്ങൾ ഏറ്റുവാങ്ങി,
അഹിംസാമന്ത്രമുച്ചരിച്ചും
ജീവിതം തന്നെ സന്ദേശമാക്കിയ
പുണ്യാത്മാവാണ് ഗാന്ധി.

ആരുണ്ടന്നുമിന്നും ഗാന്ധിയെ വെല്ലാൻ
അഹിംസയോടേറ്റുമുട്ടാൻ ഏത്....
ഏത് ദുഷ്കർമ്മികളാണിന്നുള്ളത്.



മനോജ് ആർ

സത്യത്തെ അസത്യമാക്കാന്
കഴിയുന്നവരാണോദുഷ്കർമ്മികൾ
ഗാന്ധിയെന്ന
മഹാപുരുഷനെ
വെല്ലാൻ ആരുമില്ല
എന്തെന്നാല്
അഹിംസയ്ക്കാണവസാന
വിജയം.

ഗാന്ധിസം, ഗാന്ധിസം, ഗാന്ധിസം,
അതാണഹിംസ,അതാണഹിംസ
വിജയകോടിപുതച്ച് ഭാരത
മണ്ണിലന്തിയുറങ്ങുന്നഗാന്ധി
ഭാരതഹൃദയങ്ങളിലിന്നും
ജീവിച്ചിരിയ്ക്കുന്നമഹാത്മാവാണ് ഗാന്ധി.

-അൻസാർ എം.എ. 9സി.

# അമ്മ എന്ന സ്വപ്നം



വണ്ണാത്തിപ്പുഴ ശാന്തമായി ഒഴുകുകയാണ്. ഉണ്ണിക്കുട്ടൻ പുഴയോരത്ത് ഇരിക്കുന്നു. അവന്റെ കണ്ണുകളിൽ കടലില് തിരകളടിച്ചു വീശുന്നത് പോലെ കാണാം. അവൻ പുഴയോട് എന്തെല്ലാമോ സംസാരിക്കുന്നുണ്ട്. പെട്ടന്നവൻ ചുറ്റിലേക്കും നോക്കി കരഞ്ഞു.താൻ ഒറ്റപ്പെട്ടു എന്ന യാതാർത്ഥ്യം അവൻ മനസ്സിലാക്കുകയാണ്. അവൻ പുഴയുടെ അടുത്തേക്ക് നീങ്ങി. അവിടെ എന്തോ തിരയുകയാണ്. അവൻ അമ്മേ, അമ്മേ എന്ന് വിളിച്ച് കരയുകയാണ്. അവന്റെ അമ്മ മരിച്ചെന്ന വാസ്തവം അവനുൾക്കൊള്ളാനാവുന്നില്ല. ഇതെല്ലാം കൃഷ്ണേട്ടൻ മുകളിലിരുന്ന് കാണുന്നുണ്ടായിരുന്നു. കൃഷ്ണേട്ടൻ ഉണ്ണിയെ വിളിച്ചു. അവൻ കൃഷ്ണേട്ടന്റെ അടുത്തേക്ക് പോയി. അദ്ദേഹം കാര്യങ്ങളെല്ലാം തിരക്കി. അവൻ പറഞ്ഞു തുടങ്ങി - എന്റെ.....എന്റെ അമ്മ പോയില്ലെ കൃഷ്ണേട്ടാ, ഇനി എനിക്കാരാ ഉള്ളേ ...ചെറുപ്പത്തിലേ അച്ഛൻ മരിച്ചു.അമ്മയായിരുന്നു എനിക്ക് തുണ. അമ്മയും പോയി. ഈ ഭൂമീല് ഇനി ഞാൻ മാത്രമെന്തിനാ ജീവിക്കുന്നത്. ദൈവം എന്ത് ക്രൂരനാ..എന്റെ അമ്മേടെ കൂടെ എന്നേം കൂടി കൊണ്ടുപോകായിരുന്നില്ലേ.....കൃഷ്ണേട്ടൻ പറഞ്ഞു. നീ എന്തൊക്കെയാ പറയണത്. നീ സമാധനപ്പെട്. ഞാൻ എങ്ങനെ സമാധനപ്പെടും. അന്ന് രാത്രി അമ്മയ്ക്കെന്താ സംഭവിച്ചതെന്ന് കൃഷ്ണേട്ടനറിയുമോ...ഞാൻ അന്ന് അമ്മയോട്എന്റെ സ്വപ്നങ്ങളെക്കുറിച്ച് പറയുകയായിരുന്നു.അപ്പോള് പുറകിൽ നിന്ന് വലിയൊരു ശബ്ദംകേട്ടു.കൂടാതെ വലിയ പേമാരിയും കാറ്റും.അമ്മ എന്നെ രക്ഷിക്കാനായി കുറച്ച്പുറകിലേക്ക് മാറി.

.

പുഴയുടെ ക്രൂര മുഖവും ഞാൻ അന്ന് കണ്ടു. ഞാൻ അപ്പോൾ തന്നെ ബോധം കെട്ടു. പിന്നീട് ഞാന് അമ്മയെ കണ്ടത് മണ്ണിനടിയിൽ ചെളിയിൽ കുളിച്ച് കിടക്കുന്നതാണ്. ഞാന് എങ്ങനാ രക്ഷപ്പെട്ടതെന്ന് എനിക്കുപോലും അറിയില്ല.ഇത്രയും പറഞ്ഞ് ഉണ്ണിവിതുമ്പി. കൃഷ്ണേട്ടൻ അവനെ ആശ്വസിപ്പിച്ച് കൂടെ കൊണ്ടുപോയി.എന്നിട്ടും അവൻതിരിച്ചു അങ്ങോട്ടു തന്നെ വന്നു. ആ വണ്ണാത്തി പുഴയല്ലാതെ മറ്റൊന്നും തന്നെഅവന് കാണാൻ സാധിച്ചില്ല. മനസ്സ് മുഴുവൻ ശൂന്യം. കൃഷ്ണേട്ടൻ അവനെ മകനെപോലെ വളർത്തി. അയാള് ഒരിക്കൽ ഉണ്ണിയോടു ചോദിച്ചു.നിന്റെ സ്വപ്നംഎന്താ....അതിന് അവൻ പറഞ്ഞ ഉത്തരം ആരുടേയും കരളപിടക്കുന്നതായിരുന്നു.എന്താന്നോ...അമ്മ.. ആ രണ്ട് അക്ഷരങ്ങള്തന്നെയായിരുന്നു അവന്റെ സ്വപ്നം. വലിയ സ്വപ്നങ്ങളും പ്രതീക്ഷകളും കാണുന്നവരണ് നമ്മൾ. പക്ഷേ,അതെല്ലാം തകർന്നു പോകാൻ ഒരേ ഒരു നിമിഷം മാത്രം മതി.നമ്മളുൾപ്പെടുന്ന ഈ സമൂഹം ചെയ്യുന്ന വലിയ വലിയ തെറ്റുകൾ ഫലം അനുഭവിക്കേണ്ടി വരുന്നത് ഉണ്ണിയെ പോലുള്ളവർക്കാണ്. അതിലൂടെ അവരുടെ സ്വപ്നങ്ങളാണ് തകർന്നടിയുന്നത്. അവരുടെ ജീവിതവും ഉണ്ണിയുടെ ജീവിതവും സ്വപ്നവുമെല്ലാം ഒരു മഴയിലാണ് ഒലിച്ചു പോയത്.

**അമീന എം എ ,10ബി**

# ചന്ദനക്കാട്ടിലെ കൊന്നമരം

മെയ് മാസത്തിലെ ഒരു കുളിരുള്ള പ്രഭാതം. മധുരഗാനം കേട്ടുകൊണ്ടാണ് അന്ന് ഞാൻ ഉണർന്നത്. എന്താണ് കാണാൻ പോകുന്നത് എന്നആകാംക്ഷയിൽ ഞങ്ങൾ എല്ലാവരും വണ്ടിയിൽ കയറി. കൊന്നമരങ്ങൾ പൂത്തുലഞ്ഞു നിൽക്കുന്ന നാട്ടുവഴികളിലൂടെ ബസ്സ് അതിവേഗം മുന്നോട്ടു നീങ്ങുന്നുണ്ടായിരുന്നു. മലനാടിന്റെ മലകളിലേക്ക് വണ്ടിനീങ്ങിയപ്പോൾ എല്ലാവരും തല വെളിയിലേക്കിട്ട് ആകാംക്ഷയോടെ എല്ലാത്തിനേയും നോക്കിക്കണ്ടു.മഞ്ഞിന്റെ തണുപ്പിൽ ചിലർ തണുത്തുവിറച്ചു. അവ ഒഴിവാക്കാൻ വേണ്ടി ഞങ്ങൾ നൃത്തം ചെയ്യാൻ തുടങ്ങി. വണ്ടി ഒരോ നാടുകളും പിന്നിടുമ്പോൾ കച്ചവടക്കാർ ഞങ്ങളെ എന്തോ വിചിത്രജീവികളെ കാണുന്നതുപോലെ രൂക്ഷമായി നോക്കി. കളിച്ചവശരായ ഞങ്ങളെ തേയിലക്കാടുകളുടെ സൗന്ദര്യം മെല്ലെ അവിടേയ്ക്കു കൂട്ടികൊണ്ടുപോയി. പിന്നീട് ഞങ്ങൾ കുട്ടികൾ പതിയെ മയക്കത്തിന്റെ ആലസ്യത്തിലേക്ക്.... മറയൂരിലെ ചന്ദനക്കാടുകളുടെ സുഗന്ധം ഞങ്ങളുടെ ഉറക്കത്തെ ഇല്ലാതാക്കി. പുൽമേടുകളിൽ മേഞ്ഞുനടക്കുന്ന മാൻക്കൂട്ടങ്ങൾ നയനങ്ങൾക്ക് ഒരു പുതിയ അനുഭവം തന്നുവെങ്കിലും, മഹാഭാരതത്തിലെ ഭീമനെപ്പോലെ തടിച്ച് ഉരുണ്ട കാട്ടുപോത്തുകൾ മിഴികളിൽ ഭയം നിറച്ചു.

മലയടിവാരത്തിലുള്ള മൂടൽ മഞ്ഞിന്റെ ഭംഗി നുകർന്നു കൊണ്ട് ആ രാത്രി ഞങ്ങൾ കഴിച്ചുകൂട്ടി.
മടക്കയാത്രയിൽ മാട്ടുപ്പെട്ടി ഡാമിന്റെ തിരകളിലൂടെ ബോട്ട് യാത്ര നടത്തിയ ഞങ്ങൾ യൂക്കാലികൾക്കിടയിൽ കുറേ നേരം ചിലവഴിച്ചു.
മലനാടിന്റെ ഭംഗി പതിയെ പതിയെ ഞങ്ങളുടെ കണ്ണുകളിൽ നിന്ന് അപ്രത്യക്ഷമാക്കി വണ്ടി അതിവേഗം കുതിച്ചു .തമിഴ് ഗന്ധം നിറഞ്ഞ് നിൽക്കുന്ന അവിടം ഞങ്ങളുടെ മനസ്സിനെ വളരെയധികം സന്തോഷിപ്പിച്ചു എന്നു വേണം പറയാൻ.
പൂനിലാവ് പരക്കുന്ന ആ രാത്രിയിൽ ഞങ്ങൾ തിരിച്ചെത്തി. കിടക്കുന്ന എന്നെ ശല്ല്യപ്പെടുത്താൻ തുടങ്ങിയപ്പോഴാണ് ചന്ദനമരക്കൂട്ടങ്ങൾക്കിടയിൽ കണ്ട കൊന്നമരത്തിന്റെ കാര്യം മനസ്സിൽ വന്ന് പതിഞ്ഞത്. ഇലകളാൽ മാത്രം കാണപ്പെട്ട മരത്തിൽ ഒരൊറ്റ കൊന്നപ്പൂക്കൾപോലും ഇല്ലായിരുന്നു. ഇപ്പോഴാണ് കൊന്നമരം എന്ന പേരിന് യഥാർത്ഥത്തിൽ അർത്ഥം വന്നെതെന്ന് എനിക്ക് തോന്നി. ആ ചിന്തയെ വെടിഞ്ഞശേഷം സുന്ദരമായ സുപ്രഭാതം സ്വപ്നം കണ്ടുകൊണ്ട് ഉറക്കം എന്നെ മെല്ലെ തടവി...

**ദിയ എസ് കൃഷ്ണ 10 ബി.**

# അവർ കഥ കേൾക്കട്ടെ

“ഒരിടത്ത് ഒരിടത്ത് ഒരു കുട്ടിയാനയുണ്ടായിരുന്നു. ഒരു ദിവസം കുട്ടിയാന..... ’ഇത്രയും പറഞ്ഞിട്ട് ഒന്ന് നിർത്തിയാൽ മതി കഥ കേൾക്കാൻ തയ്യാറായി രസംപിടിച്ചിരിക്കുന്ന കുട്ടി ,എന്നിട്ടോ? എന്ന് ചോദിച്ചിരിക്കും. ഇതാണ് കഥ പറച്ചിലിന്റെ ശക്തി.ഭാവനയുടെയും വാക്കുകളുടെയും ആശയങ്ങളുടെയും ലോകത്തേക്ക് കുട്ടികളെ കൈപിടിച്ച് നടത്താൻ കഥപറച്ചിലിനോളം നല്ലൊരു വഴിയില്ല ഇങ്ങനെ അണുകുടുംബങ്ങളിൽ മുത്തശ്ശനോ മുത്തശ്ശിയോ കഥ പറച്ചിലുകാരായി ഉണ്ടാകില്ല. ഇവിടെ മാതാപിതാക്കൾ സമയം കണ്ടെത്തി കുട്ടികൾക്ക് കഥ പറഞ്ഞുകൊടുക്കാവുന്നതാണ്. കഥ കേൾക്കാൻ ഇഷ്ടപ്പെടാത്ത കുട്ടികളില്ല . സംസ്കാരവും സൽഗുണങ്ങളും മനസ്സിലാക്കാൻ കഥയിലൂടെ കുട്ടിക്ക് കഴിയും . എത്ര ഗഹനമായ കാര്യവും ഒരു കഥയിലൂടെ അവതരിപ്പിച്ച് നോക്കൂ. കുട്ടി അത് വേഗത്തിൽ മനസ്സിലാക്കുന്നത് കാണാം . ഉദാഹരണത്തിന് സത്യം മാത്രമേ പറയാവൂ എന്ന് പറഞ്ഞാൽ കുട്ടിക്ക് കള്ളത്തരത്തിന്റെ തീവ്രത മനസ്സിലാകണമെന്നില്ല.എന്നാൽ കള്ളം പറഞ്ഞ് വെട്ടിലായ ഒരു കുറുക്കന്റെയോ കരടിയുടെയോ കഥ പറഞ്ഞ് നോക്കൂ . കുട്ടി എളുപ്പത്തിൽ കാര്യംമനസ്സിലാക്കുന്നത്  കാണാം .ശ്രദ്ധ, ഓർമ , വാക്കുകളുടെ പഠനം , അവയുടെ പ്രയോഗം , സംഭവങ്ങളുടെ ക്രമം എന്നിങ്ങനെ കഥ കേൾക്കുന്നതിലൂടെ കുട്ടി നേടുന്ന കഴിവുകൾ അനവധിയാണ്.നിങ്ങൾ പറഞ്ഞു കൊടുത്ത കഥ

കുട്ടിയെ കൊണ്ട് പറയിപ്പിച്ച് നോക്കൂ. ഇത് മുകളിൽ പറഞ്ഞകാര്യങ്ങളിൽ കുട്ടിക്കുള്ള പരിശീലനമാകും . കുട്ടികൾക്ക് കഥ പറഞ്ഞ് കൊടുക്കുമ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട് .കഥയിലെ കഥാപാത്രങ്ങളായി അഭിനയിക്കണം. ശരിക്കും നടന്നതായി എന്ന് തോന്നിപ്പിക്കുന്ന തരത്തിൽ നാടകീയമായി വേണം കഥ പറയാൻ. നിങ്ങൾ എത്ര തിരക്കുള്ള അച്ഛനോ അമ്മയോ ആകട്ടെ , ദിവസവും അൽപനേരമെങ്കിലും കുട്ടിയുടെ കൂടെയിരുന്ന് അവർക്ക് കഥ പറഞ്ഞ് കൊടുക്കണം. ഇത് കുട്ടിക്ക് നൽകുന്ന സന്തോഷം ചെറുതല്ല. വലിയ കഥകളാണെങ്കിൽ പകുതി പറഞ്ഞിട്ട് ബാക്കി പിന്നീട് എന്നും പറയാം. ഇത് അൽപം കഴിഞ്ഞ് ആവേശത്തോടെ കഥ കേൾക്കാൻ കുട്ടിയെ പ്രേരിപ്പിക്കും.

**ഡെൽമി മൈക്കിൾ 9ബി**

# പുത്തന് ഭക്ഷണ ശീലവും ആരോഗ്യ പ്രശ്നങ്ങളും



നല്ല ഭക്ഷണമാണ് നല്ല മരുന്ന് .ഈ വാക്കുകള് നാവുകൊണ്ട് മാത്രമല്ല ഉച്ചരിക്കേണ്ടത്. പ്രവര്ത്തിയിലൂടെയും നാം അത് തെളിയിക്കണം. മലയാളികളുടെ മാറിവരുന്ന ഭക്ഷണ ശീലവും ആരോഗ്യവും ഒരു പ്രധാന പ്രശ്നമാണ്.ചേമ്പും ചേനയും അരിയാഹാരങ്ങളും നാം ഭക്ഷിച്ചിരുന്ന സ്ഥാനത്ത് ഇന്നുള്ളത് പിസാ , ബര്ഗര് തുടങ്ങിയ ആഹാരങ്ങളാണ് ഇവിടെ ഇന്ന് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വാക്കുകള് പ്രസക്തമാണ് "ഭക്ഷണം കഴിക്കാൻ വേണ്ടിയല്ലാ നാം ജീവിക്കേണ്ടത് ജീവിക്കാൻ വേണ്ടിയാണ് ഭക്ഷണം കഴിക്കേണ്ടത്"മുത്തശ്ശിമാര് പറഞ്ഞു തന്ന കഥകളിലെ ഭക്ഷണത്തിനുവേണ്ടി മൃഗങ്ങളേയും മറ്റും വേട്ടയാടിക്കൊന്ന് സ്വന്തം ജീവന് കളഞ്ഞ് സിംഹത്തേയും കുറുക്കനേയും പോലെയാണ്ഇന്നത്തെ മനുഷ്യരും. മൃഗങ്ങള്ക്ക് പകരം ദഹിക്കില്ലാത്ത ഭക്ഷണം കഴിച്ച് ആരോഗ്യം കളയുന്ന മനുഷ്യനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. പയറുവര്ഗങ്ങള്,കിഴങ്ങുവര്ഗങ്ങള് തുടങ്ങിയവ ഭക്ഷിച്ച് നല്ല ആരോഗ്യം കൈവരുത്തിയവരായിരുന്നു നമ്മുടെ പഴയ തലമുറ.

അന്ന് ഈ വിധ ആരോഗ്യ പ്രശ്നങ്ങളോ മറ്റും ഉണ്ടായിരുന്നില്ലാ താനും. പൊയ്പോയകാലത്തേക്ക് മടങ്ങാൻ ആരും ആഗ്രഹിക്കുന്നില്ല.ഈ കാരണങ്ങള് ഒക്കെ തന്നെയാണ് ഇന്ന് ലോകത്ത് ചികിത്സാലയങ്ങളുടെ വര്ദ്ധനവിനും ദാരിദ്രത്തിനും പ്രധാന കാരണം "ജീവന് രക്തം,വിശപ്പിന് ഭക്ഷണം "വഴിയോരങ്ങളിലെ ബാനറില് എഴുതിയ വാക്യങ്ങളാണിവ. ജീവൻ രക്ഷിക്കാൻ രക്തം വേണം. എന്നാല് ആ രക്തത്തില് വിഷമയമാണെങ്കില് പിന്നെന്തിന് കൊള്ളാം. വിശപ്പിന് ഭക്ഷണം വേണം . നല്ല ഭക്ഷണം കിട്ടിയില്ലെങ്കില് പിന്നെ എങ്ങനെ ഒരിക്കല് കൂടി ഭക്ഷണം കഴിക്കാൻ നാം ഉണ്ടാകും . എണ്ണയും മൈദയും അടങ്ങിയ ഭക്ഷണവും കൂടെ ദഹിക്കാൻ വേണ്ടി നാം കുടിക്കുന്ന പെപ്സി, കൊക്കൊ കോള തുടങ്ങിയ പാനീയങ്ങളും നാം ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നു.ഇവയുടെ ദൂഷ്യഫലങ്ങളും മറ്റും നാം ചിന്തിക്കുന്നേയില്ല. സ്നേഹം കലര്ത്തിയ ആരോഗ്യവും രുചിയുമുള്ള ഭക്ഷണം പാത്രത്തില് വിളമ്പിത്തരുന്ന അമ്മയോട് ചിരിക്കുന്ന മുഖത്തോടെയും ഭക്ഷണത്തോട് അറയ്ക്കുന്ന മുഖത്തോടെയുമാണ് നാം നോക്കുന്നത്.ഈ നല്ല ഭക്ഷണം വലിച്ചെറിഞ്ഞ് അനാരോഗ്യഭക്ഷണങ്ങള് കഴിക്കുന്ന നമ്മെ ഭൂമി തന്നെയാണ് ഒരു പാഠം പഠിപ്പിക്കേണ്ടത്.

ജീവിതശൈലിരോഗങ്ങള് പിടിപെട്ട് ഭക്ഷണശീലങ്ങള് നല്ലതാക്കി പെട്ടെന്ന് മരണത്തിന് കീഴടങ്ങുന്നവരും നമ്മുടെ ഇടയിലുണ്ട്. പ്രമേഹത്തിന്റെയും കൊളസ്ട്രോളിന്റെയും ഗുളികകള് കഴിച്ച് ആരോഗ്യം കളയുന്ന വ്യക്തികളും നമ്മുടെ കൂട്ടത്തില് ഉണ്ട്.

ഇവയൊക്കെ കഴിച്ചാല് ഈ ജീവിതശൈലി രോഗങ്ങള് അല്ലാതെ എന്ത് വരുമെന്ന് ചിന്തിച്ചവരും കുറവല്ല. ഹൃദയത്തില് ബ്ലോക്ക്,അതിരോസ്ക്ലിറോസിസ് തുടങ്ങിയ രോഗങ്ങള് ഇവരുടെ കൂട്ടുകാരായി നമ്മുടെ ശരീരത്തില് കടന്നു കൂടാറുണ്ട്. നല്ല ഭക്ഷണം നല്ല മരുന്നാണ് .നല്ല ആരോഗ്യം കൈവരുത്താൻ നല്ല ഭക്ഷണങ്ങളിലേക്ക് മടങ്ങുക. ഈ സന്ദേശം ജീവിതത്തില് ഉടനീളം പ്രതിഫലിക്കട്ടെ.

**ലക്ഷ്മി എം ബി 9ബി**

# വനരോദനം

ഗതകാലസ്മരണകൾ വർണാഭമാക്കിയ
പ്രകൃതിയുടെ ഹരിതാഭയെവിടെ...?
ഒരുമയും പെരുമയും തിങ്ങി-
നിറഞ്ഞുള്ള കൂട്ടുകുടുംബങ്ങളെവിടെ..?
കളകള നാദത്താൽ സമൃദ്ധ-
മായൊഴുകിയ അരുവിയും-
ആറുമിന്നെവിടെ....?
കളകൂജനങ്ങളാൽ ഉന്മാദമേകിയ
കുരുവിയും കുയിലുമിന്നെവിടെ...?
ഇല്ല......
ഇനിയില്ലീ കലികാലത്ത്
കെട്ട പ്രകൃതിയല്ലാതെ,
അണുകുടുംബങ്ങളല്ലാതെ,
കണ്ണീരു വറ്റിയ അരുവിയല്ലാതെ,
കുപ്പിവെള്ളവും കുപ്പിവായുവുമല്ലാതെ
ഒന്നും......

**അമീന എം എ 10ബി**

# തിരിച്ചറിവ്

**പുഴയുടെ കള കള ശബ്ദം. ഇലകളുടെ മർമ്മര ശബ്ദം. അവിടെയുമിവിടെയുമൊക്കെയായി എത്ര എത്ര പുൽച്ചാടികൾ. പല വർണ്ണത്തിൽ. പ്രകൃതിയാകെ തങ്ങളുടെ സൗരഭ്യം നിറയ്ക്കുന്ന കുസുമങ്ങൾ. കിളികളുടെ മധുരമൂറുന്ന നാദം.**

**അന്നൊരു ഞായറാഴ്ചയായിരുന്നു. രാവിലെ നടക്കാൻ ഇറങ്ങിയതാണ് ബാലൻ. അപ്പോഴാണ് ഇക്കണ്ട കാഴ്ചയൊക്കെ. ഇതൊന്നുംതന്നെ താൻ ഇതുവരെ ശ്രദ്ധിച്ചിട്ടില്ലല്ലോ എന്നവൻ ഓര്ത്തു. എന്നും സ്കൂളിലേക്ക് നടന്നു പോകുന്നത് ഈ വഴി തന്നെ. തിരിച്ചു വീട്ടിലേക്ക് വരുന്നതും. അതൊക്കെ ഓർത്തു അവിടെ തന്നെ അങ്ങ് നിന്നപ്പോഴാ കുമാരേട്ടൻ വന്നത്.- "എന്നാടാവേ ഇവിടെ ശില പോലെ നിക്കണേ. നീയിതൊന്നും കണ്ടിട്ടില്ലേ." ബാലനുംമുന്നോട്ടു നടന്നു. കുമാരേട്ടന്റെ വാക്കുകള്. അതായിരുന്നു അവന്റെ മനസ്സുമുഴുവൻ. അവൻ ചിന്തിച്ചു. കുമാരേട്ടൻപറഞ്ഞതുശരിയല്ലേ.ഇന്നത്തെ തലമുറ മൊബൈലില് തന്നെ കണ്ണും നട്ട് നടക്കുന്നവരല്ലേ.അവര്ക്ക് ഇന്നത്തെ ലോകത്തെ പരിചയപ്പെട്ടത് തന്നെ ഫോൺ എന്ന നൂതന സാങ്കേതിക വിദ്യയിലൂടയല്ലേ. എന്തിനേറെ,താനും അങ്ങനെ തന്നെ. ഇതെല്ലാംമാറണം.പക്ഷേഎങ്ങനെ? മൊബൈലുകള്ഇന്ന് ഒഴിച്ചു കൂടാനാകാത്ത ഒന്നായി മാറിയിരിക്കുന്നു.അതുകൊണ്ടു തന്നെ ഇന്നത്തെ സാങ്കേതിക വിദ്യ ഫലപ്രദമായി എങ്ങനെ**

ഉപയോഗപ്പെടുത്താമെന്നാണ് ചിന്തിക്കേണ്ടത്.
"അത് കുമാരേട്ടനെന്നെ ഒന്ന് ആക്കിയതാണല്ലോ".
ബാലൻ പറഞ്ഞു. "പിന്നല്ലാതെ,ഞാൻ പറഞ്ഞതു സത്യമല്ലേ.. നിന്നെപ്പോലെ സദാസമയവും മൊബൈലും പിടിച്ചോണ്ടു നടക്കുന്നവന്മാർക്ക് ഇതൊക്കെ കാണാൻ എവിടുന്നാ നേരം."ഓ.. ഒന്നു പോ കുമാരേട്ടാ, എന്നിട്ട് ഞാനിതൊക്കെ കാണാറുണ്ടല്ലോ.അങ്ങനെ ഞങ്ങളെ കളിയാക്കണ്ട. ബാലൻ അൽപ്പം നീരസത്തോടെ പറഞ്ഞു.
ഓ..ശരി. ഇങ്ങനെ പറഞ്ഞ് കുമാരേട്ടൻ പോയി.

ഇതോർത്തപ്പോഴാണ് ബാലന് ഒരു ബുദ്ധി തോന്നുന്നത്. പ്രളയത്തില് എത്രയോ പേർക്ക് വീട് നഷ്ടപ്പെട്ടു. അവരെ ഒരുപാട് പേർ സഹായിക്കാൻ എത്തിയിട്ടുണ്ടെങ്കിലും എല്ലാവർക്കും വീട് നൽകാൻകഴിയുന്നില്ല. എന്നാൽ കഴിയുന്ന സഹായം താൻ നൽകണം എന്ന് ബാലൻ തീരുമാനിച്ചു.

രണ്ട് ദിവസങ്ങള്ക്ക് ശേഷം അവൻ ഒരു വാട്സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കി. അതിൽ അവന്റെ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി. പതിയെ പതിയെ കഴിയുന്ന സഹായങ്ങൾ ഓരോ കുട്ടിയും എത്തിക്കാൻ തുടങ്ങി. അങ്ങനെ അവർ ഒരു ചെറിയ വലിയ തുക സമാഹരിച്ചു. സ്കൂൾ അദ്ധ്യാപകരുടെ നേതൃത്വത്തിൽ അത് പല സ്ഥലങ്ങളിലും എത്തിച്ചു.

ആ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ അവസാനിച്ചില്ല. സ്വന്തം നാട്ടിലെ ദരിദ്രർക്കായി അവർ വീണ്ടും സജ്ജമായി. വയറൊട്ടിയവർക്കായി ഭക്ഷണങ്ങൾ,വീടില്ലാത്തവർക്കായി വീടുകൾ,അനാഥാലയത്തിനും അഗതി മന്ദിരത്തിനും

**കൈനിറയെ സഹായങ്ങൾ....... ബാലുവിന്റെ പ്രവർത്തനംതന്നെയാണ് ഈ ഗ്രൂപ്പിനെ ഇത്രയും പ്രവർത്തന സജ്ജമാക്കിയത്. ഇന്നത്തെ തലമുറ ബാലുവിനേ പോലെയാകണം. എപ്പോഴും മൊബൈലിൽ മാത്രം ദൃഷ്ടി ചെലുപ്പിക്കാതെ തന്റെ ചുറ്റുപാടിലേക്കും ഇടയ്ക്കൊക്കെ നോക്കണം. അവരെ സഹായിക്കണം. പ്രളയം വന്നപ്പോൾ നവ തലമുറയും അവരുടെ സാങ്കേതിക വിദ്യയും എത്രത്തോളം സഹായിച്ചെന്ന് നമുക്കറിയാം. അത് പോലെ തന്നെ നമ്മുടെ യുവ തലമുറയും നൂതന സാങ്കേതിക വിദ്യയും വളരണം.പുതിയൊരു സമൂഹത്തെ വാർത്തെടുക്കണം.**

**ഐശ്വര്യ ഷിബു. 9 എ.**

# എൻ അമ്മ...

അമ്മയുടെ ചൂടു വിട്ട്
അമ്മയുടെ തണലു വിട്ട്
ആങ്കലേയം പഠിക്കുവാൻ എത്തി ഞാൻ
ഇവിടെ ഇന്നിതാ ഞാൻ കണ്ണീര്
വാര്ക്കുന്നു
അമ്മയിൽ നിന്നും പിരിഞ്ഞതില് വേദന

എന്നില് നിന്നൊഴുകുന്ന ചുടുകണ്ണീര്
ഒരു പക്ഷേ മാപ്പു ചോദിക്കലായിരിക്കാം
അരികിലുള്ളപ്പോൾ ചെയ്ത
കൊച്ചു കൊച്ചു തെറ്റുകൾക്കായി.

ഇന്നിതാ ഞാൻ കൊതിക്കുന്നു ആ
മാറോട് ചേർന്നുറങ്ങാൻ...
കെട്ടിപിടിച്ച് ആ കവിളിൽ
മുത്തങ്ങൾ നൽകാൻ...

**അദീന ഫാത്തിമ 9 എ**

# Life

Life is an opportunity,benefit from it
Life is beauty,admire it
Life is a dream,realize it
Life is challenge,meet it
Life is a dusty,complete it
Life is a game,play it
Life is a promise,fulfill it
Life is a sorrow,overcome it

Life is a song,sing it
Life is a struggle,accept it
Life is a tragedy,confront it
Life is a adventure,dare it
Life is a luck,make it
Life is too precious,do not destroy it
Life is a life,enjoy it

Beema Thajudheen
9 A

# മനം നൊന്തൊരു പുഴ

ഒരു മനോഹരമായ നിലാവുള്ള രാത്രി. ഒരു പുഴ വെറുമൊരു പുഴയല്ല, മാലിന്യങ്ങൾ കുമിഞ്ഞു കൂടി ഒഴുക്ക് നിലച്ചുപോയ ഒരു പുഴ. ദിനം തോറും മരണം ആ പുഴയെ മാടി വിളിക്കുകയാണ് . ആ പുഴയെ ഇങ്ങനെ വെറുക്കപ്പെട്ടവളാക്കി മാറ്റിയത് മനുഷ്യരെന്ന കാട്ടുരാക്ഷസരാണ്. അവൾ അല്പനേരം മൗനത്തോടെ നിന്നിട്ട് ഓർത്തു. ആ സുന്ദരയാമത്തിൽ നിലാവ് വിരിഞ്ഞ ആ രാത്രി ഇനി എന്ന് തിരിച്ചുവരും ഞാൻ അന്ന് എത്ര സുന്ദരിയായിരുന്നു. ചന്ദ്രശോഭ എന്റെ ഹ്യദയങ്ങളിൽ തട്ടിയ രാത്രിയായിരുന്നു അത്. അന്ന് ഞാൻ എത്ര ഭാഗ്യവതിയായിരുന്നു. പക്ഷെ ഇന്ന് ഞാൻ ഒരു ദൗർഭാഗ്യവതിയാണ്.മനുഷ്യൻ എന്ന എന്റെ സഹോദരൻ തന്നെയാണ് എന്റെ ദുർഭാഗ്യത്തിന് കാരണം.മനുഷ്യൻ എന്റെ സഹോദരനാണ് എന്ന് പറയാൻ തന്നെ ഞാൻ വീർപ്പുമുട്ടുകയാണ്. കാരണം അത്രമാത്രം ക്രൂരതകളാണ് അവർ എന്നോട് ചെയ്തത്. അവർ എന്നെ ഒരു കൂടപ്പിറപ്പായി കാണുന്നില്ലെങ്കിൽ പിന്നെന്തിന് ഞാൻ മാത്രം അവരെ ഒരു കൂടപ്പിറപ്പായി കാണണം. അവർക്കൊരു തക്കതായ ശിക്ഷ തന്നെ നൽകണം.ആ ശിക്ഷ അതിന്റെ ഉച്ഛസ്ഥായിലെത്തുമ്പോൾ പൊട്ടിപ്പുറപ്പെടുന്നതായിരിക്കും.അതിന് ഒരു മഴമാത്രം മതി, മഴ മാത്രം...

ആ മഴ നിങ്ങൾ കണ്ടതിൽവെച്ച് ഏറ്റവും
ദുർഘടമായിരിക്കും'- പുഴ സ്വയം ഇങ്ങനെ
ഉദ്ധരിച്ചുകൊണ്ടിരുന്നു. പുഴ പറഞ്ഞുതീർന്നില്ല
'മഴ ഇതാ വന്നെത്തി' നിലയ്ക്കാത്ത മഴ! മാസങ്ങൾ
നിണ്ടുനിന്ന മഴ.തീരാനഷ്ടം വിതച്ച മഴ. മഴയും
പുഴയും സംയോജിച്ചപ്പോൾ മനുഷ്യർ കണ്ട
ഏറ്റവും വലിയ മഹാപ്രളയമായി അത് മാറി.
99-ലെ വെള്ളപ്പൊക്കമാണ് ഈ 2018-ൽ
നടന്ന പ്രളയത്തിനേക്കാൾ ഏറ്റവും ശക്തമേറിയ പ്രളയം
എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. പുഴ പറഞ്ഞു:-
"ഈ മഹാപ്രളയം കൊണ്ടെങ്കിലും മനുഷ്യൻ
നല്ലവനായി തീർന്നാൽ മതിയായിരുന്നു".
.പക്ഷെ, എന്തുചെയ്യാൻ "വെട്ടാൻ വന്ന
പോത്തിന്റെ ചെവിയിൽ വേദം ഓതിട്ട്
എന്താ കാര്യം" ഞാൻ ഇനിയും എത്ര
മാത്രം സഹിക്കേണ്ടിവരും.എന്റെ ഭൂമിദേവിയെ
എത്രയും വേഗം എന്റെ അമ്മയെ പോലെ
സൗന്ദര്യവാഹിനിയായി മാറ്റിയാലും എന്നാലും ഞാൻ
ഇനി എന്തു ചെയ്യണം., ' എത്ര
കിട്ടിയാലും എന്റെ സഹോദരങ്ങൾ
പഠിക്കില്ലെന്ന് പറഞ്ഞാൽ ഞാൻ എന്ത് ചെയ്യും".
ഇനി അമ്മയ്കു മാത്രമേ അവരെ
നേർവഴിയിൽ നയിക്കാൻ സാധിക്കൂ.........

ആഷ്ന ഷിജു
10ബി

# ഓറഞ്ചു മരങ്ങളെ തേടി

സൂര്യകിരണങ്ങള് മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്ന നേരം ഏകദേശം 8.00 മണി ഓറഞ്ചുമരങ്ങളെ തേടി ഞങ്ങള് യാത്ര ആരംഭിച്ചു എന്റെ വല്ല്യച്ഛനൊപ്പമുള്ള അവസാന യാത്രയായിരുന്നു അത്. പടിക്കകം എന്ന മലനിരകളിലേക്കാണ് യാത്ര. നടന്നുപോകുന്ന ഞങ്ങളുടെ കൈയ്യില് ഒരു ബാഗ് ഭക്ഷണവും വെള്ളവും കരുതി.എല്ലാവരും സന്തോഷത്തിമിര്പ്പിലാണ്. കുത്തനെയുള്ള കേറ്റവും സുന്ദരമായ മലനിരകളും താണ്ടി പോകുന്ന വഴി നിറയെ പ്രകൃതിയുടെ വരദാനങ്ങളാണ്. മാമ്പഴമരങ്ങളും,തേന്മധുരമുള്ള കൊക്കോപ്പഴങ്ങളും നിറഞ്ഞ വഴിയോരപാതകള്. ശുദ്ധമായ കായ്ക്കനികള് ധാരാളമായി ഭക്ഷിക്കാം.പടിക്കകത്ത് വലിയ കുളമുണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്,അത് തീര്ച്ച.ചേട്ടന്മാരൊക്കെ ഇടയ്ക്ക് പോയി നീന്താറുണ്ട്.അതിന് അവര്ക്കുകിട്ടിയ ചീത്ത മനസ്സിലുണ്ട്. അങ്ങനെ കാടിന്റെ മധ്യത്തിലെത്തി ഇനി അങ്ങോട്ട് വിജനമായ വഴിയോരങ്ങളാണ്.പാറയ്ക്കരികിലൂടെയുള്ള യാത്ര ഞങ്ങളെ വല്ലാതെ ഭയപ്പെടുത്തി, എന്നാല് അതില് അപ്പുറം സന്തോഷവും .മുത്തച്ഛന്മാര് മുതല് പറഞ്ഞുകേട്ടിട്ടുള്ളതാണ് പടിക്കകത്ത് ഓറഞ്ച് തോട്ടങ്ങള് ഉണ്ടെന്ന്. അതുകൊണ്ട് എന്റെ സന്തോഷം അല്പ്പം കൂടുതലാണ്.

കാരണം കൊതിയൂറുന്ന നാവുമായാണ്
എന്റെ യാത്ര.യാത്ര തുടങ്ങിയപ്പോള് മുതല്
ഓറഞ്ച് എന്ന ചിന്ത മാത്രം.കഠിനമായ
യാത്രയ്ക്കുശേഷം അല്പ്പസമയം വിശ്രമിക്കാനായി
നിരനിരയായി ഞങ്ങളിരുന്നു.ചേട്ടന്മാരൊക്കെ
പാറയില് തുള്ളിച്ചാടി.എനിക്കുപേടിയാണ്
കാരണം പാറയാണ് താഴെപ്പോകുമോ
എന്ന പേടി.ഞങ്ങള് അവിടെ ഇരുന്നു.ബാഗ്
തുറന്ന് കൊണ്ടുപോയ ചക്കവറുത്തത്
കഴിച്ചു. വിശന്നുള്ള യാത്രയായിരുന്നതിനാല് ആ
ചക്കവറുത്തത് വിശപ്പിനെ കുറച്ചകറ്റി.അപ്പോള്
എന്റെ ചേട്ടന് പോയി നല്ല തേനൂറുന്ന മാമ്പഴം
കൊണ്ടുവന്നു.അല്പ്പം കഴിച്ചപ്പോള് അതിനോട് കൊതി
തോന്നി പക്ഷെ കിട്ടിയില്ല.ആ മാമ്പഴത്തിനായിരുന്നു
പിന്നെ തമ്മീത്തല്ല്.എല്ലാം കഴിഞ്ഞ് ലക്ഷ്യസ്ഥാനം തേടി
യാത്ര വീണ്ടും തുടര്ന്നു.നല്ല പഴുത്ത മാമ്പഴംകൊണ്ടു
നിറഞ്ഞ തോട്ടം എന്തൊരു ഭംഗിയാ.സൂര്യപ്രകാശം
തീരെയില്ലാത്ത ആ നികൂടത നിറഞ്ഞ തോട്ടം
എന്നെ വല്ലാതെ ആകര്ഷിച്ചു. തുടര്ന്നുള്ള
യാത്രയില് കണ്ട ഭീമാകാരമായ പാറകള്
എന്നില് ഭീതി ജനിപ്പിച്ചു.ഈ പാറകളെ കുറിച്ച് ചില
അന്ധവിശ്വാസങ്ങള് പ്രചരിക്കുന്നുണ്ടായിരുന്നു.
അങ്ങനെ ഉച്ചയായപ്പോള് ലക്ഷ്യസ്ഥാനത്ത്
ഞങ്ങളെത്തി.സ്ഥലം എത്തി എന്നു കേട്ടപ്പോഴേക്കും
എന്റെ നാവില് വെള്ളമൂറി.തെന്നിക്കിടക്കുന്ന പാറകള്
താണ്ടി ഓറഞ്ചുമരങ്ങള് കണ്ടു.ചില്ലകളില്
അവിടിവിടെ പാകമാകാത്ത ഓറഞ്ചുകള്.
കഴിക്കാനാകാത്ത നിരാശയില് ഞാന് അവയെ
നോക്കിനിന്നു.

ആവശ്യത്തിലധികം
സമയം അവിടെ ചിലവഴിച്ചു.വീട്ടിലേക്ക്
മടങ്ങാന് സമയമായി എന്ന അറിയിപ്പ് കിട്ടി.അപ്പോള്
തന്നെ ചാറ്റല് മഴ വന്നെത്തി.മഴത്തുള്ളികളെ
ഏറ്റുവാങ്ങി അനുഭവിച്ചറിഞ്ഞ് തിരികെ
വീട്ടിലേക്ക്............

ബിസ്മി സി.കെ
9 എ

# പ്രളയം.

പ്രളയക്കെടുതിയിൽ അകപ്പെട്ടു മർത്യർ
പ്രകൃതി വികൃതിയിൽ തകരും മനുഷ്യർ
പ്രഥമ ദൃഷ്ടിയിൽ തകരും മനുഷ്യർ
പ്രാണനും കൊണ്ട് അലഞ്ഞു കഴിഞ്ഞു.
ദൃഷ്ടാന്തമെന്നപോൽ ദൈവ പരീക്ഷകൾ
ദയനീയമാം വിധത്തിൽ പ്രളയത്തിൻ കാഴ്ചകൾ
ദ്രുത കർമ സേനയും നാട്ടുകാരും പലർ ധീരതയോടെ
കടലിൻ്റ മക്കളും ധാർഷ്ട്യവുമില്ല ഒരുമയോടെ
പണക്കാരനെന്നില്ല ജാതി മതവുമില്ല പോരാട്ട
വീര നേതാവെന്നുമില്ല പ്രളയത്തിൻ
സാക്ഷിയായി നമ്മെ പഠിപ്പിച്ചു പ്രകൃതിയിൽ
നശ്വരമാണെല്ലാമെന്നതും ഒലിച്ചു പോയില്ല നമ്മുടെ
വാശീയഹന്തുകൾ ഓടിത്തീരുന്ന ദിനരാത്ര
നിമിഷങ്ങൾ ഓർത്തിടുക പല ജീവിത നന്മകൾ
ഒരുമക്കായ് നമ്മൾ കൈകോർത്തല്ലേ പറ്റൂ
പൊലിഞ്ഞു പോയി സ്വപ്നങ്ങളൊക്കെയും
പാഠങ്ങൾ ഉൾക്കൊണ്ട് മുന്നോട്ട് പോയീടൂ
പ്രാർത്ഥന ചൊല്ലീടാം സത്കർമം ചെയ്തീടാം
ദൈവത്തിൻ്റെ കാവൽ നമുക്ക് രക്ഷ
ദൈവത്തിൻ കാവൽ തന്നെ രക്ഷ വെട്ടിപിളർത്തല്ലേ
കുന്നും മലകളും വേണ്ടതത്തെല്ലാം നമുക്കൊരു സുന്ദര
കേരളം വേണം നമുക്കൊരു മഹത്തായ കേരളം.

നന്ദന സദീശൻ
9b

# ധര്മ്മദീപം.

ഹിംസയില്ലാതെയേതും നടത്തുന്നോന്
സ്വാതന്ത്രത്തിന് പിതാവായവന്..
എളിമയും,മഹിമയും കോര്ത്ത
വശ്യശില്പം എന് മുന്നിലതാ....

പാഠമില്ലാപഠിപ്പിക്കുന്നോന്
സത്യവും,ധര്മ്മവും,പൂക്കും
പുണ്യവര്ഷം........
എളിമതന് ശിരസ്സില്,മഹിമതന്
മകുടം ചൂടും ധീരാത്മാവിവന്..

.കാരുണ്യവൂം ധീരത്വവും
സിരയിലോടും മഹിതന് മഹാരാജ-
നായവന്...ഇന്ത്യതന്
അഭിമാനദീപമായവന്...എളിമതന്
മഹിമയും മഹിമതന്
തനിമയും കൈവെടിയാത്തോന്

ഗാന്ധിതന്നാമം എന്നിലും
നിന്നിലും,എല്ലാമിലും നിറഞ്ഞ
സര്വ്വവ്യാപി....ഉണര്വിലും
തളര്വിലും ഊര്ജ്ജവമേകുന്ന
സഹായദീപം....മാന്യതാദീപവും
മര്ത്ത്യന് തന് സ്നേഹവും ഒത്തി-
ണങ്ങിയ കരുണാഭാവി...

.ഗാന്ധിതന് പ്രേരണ കാരുണ്യദായകം..
മാലുള്ളയീ മഹിയില് ആനന്ദദായകം....
ഗുരുവായ് നിന്നോന് ഗുണത്തില്നിന്നോന്...

എസ് എൻ എം ഹൈസ്കൂൾ വണ്ണപ്പുറം

ഇന്ത്യതന് ശ്രേഷ്ടത കൊടിമുടി സമാനമായി..
നൈപുണ്യമെന്തും നയതന്ത്രയോഗീ.....
അലിവുതന് നിറകുടം.....
കനലില് ദഹിക്കാത്ത
കര്മ്മയോഗീ......വിയത്തില് തെളിയിച്ച ധര്മ്മദീപം...
അഹിംസതന് തത്വവും ഹിംസതന്
പുറംതള്ളലുമൊരുപോല്
നിറവേറ്റും
സര്വ്വവ്യാപി.....ഉത്തുംഗ്ഗ ശൃംഗങ്ങള്
ഏതുണ്ട് ഭൂമിയില് നിന്നെ വെല്ലുന്ന
വനേതുണ്ട് പാരില്....
ധര്മ്മം കാക്കും ധീരനെ നീയെന്നും
പകരും കര്ത്തവ്യബോധവും,ആത്മവിശ്വാസവും
മങ്ങാതെ മറയാതെ നില്ക്കട്ടെ
യീ ഭൂമിയിലെന്നും.....

ആഷ്ന അൻസാരി
9 എ.

# മരമാണ് ആഗോളതാപനത്തിനുള്ള മറുപടി

അമിതമായ ചൂട്,വര്ഷതാപം, വരള്ച്ച,പ്രളയം, കൊടുംകാറ്റ്,ഭൂഗംഭം തുടങ്ങി നാമിന്ന് അഭിമുഖീകരിക്കുന്ന പ്രകൃതി ദുരന്തങ്ങള് നിരവധിയാണ്.ഇതിനൊക്കെ കാരണമെന്ത്?എന്ന ചിന്ത വിരല്ചൂണ്ടുന്നത് നമ്മുടെ പ്രവര്ത്തികളിലേക്കാണ്.ഹരിതമായിരുന്നു ഒരുകാലം വരെ നമ്മുടെ നാട്.വികസനത്തിന്റെ പേരിലും മറ്റും മരങ്ങള് വെട്ടി നിരത്തി പ്രകൃതിയുടെ പച്ചപ്പ് നാം ഇല്ലാതാക്കി.പാടങ്ങളും ചതുപ്പുകളും ചെറിയ ചെറിയ കുന്നുകളും നിരത്തി വലിയ ഫ്ലാറ്റുകള് പണുതുയര്ത്തി.ജലസംഭരണികളായ കുന്നുകള് യാതൊരു ദാക്ഷണ്യവുമില്ലാതെ ഇടിച്ചു നിരത്തി.അന്തരീക്ഷത്തില് ഹരിതഗൃഹവാതകങ്ങളുടെ അളവ് കൂടിയതോടെ ഭൂമിയില് താപനിലയും വര്ധിച്ചു.ഹരിതഗൃഹവാതകങ്ങളായ കാര്ബണ് ഡൈ ഓക്സൈഡ്,മീഥേല്,നൈട്രസ് ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ് വര്ധിക്കുന്നു.സൂര്യനില്നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങള് തടയുന്നു.അതിനാല് ഭൂമിയിലെ താപനില വര്ധിക്കുന്നു. ജീവജാലകങ്ങളുടെ നിലനില്പ്പിനു തന്നെ ഭീഷണിയായി മാറുന്നു.

ജീവജാലങ്ങളില് പലതും വംശനാശ ഭീഷണി നേരിടുന്നു.പല ജീവിവര്ഗങ്ങളും സസ്യങ്ങളും ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമായി.പഴയകാലത്തെ ജീവിതശൈലി ഏറെ ഗുണകരമാണ്. പ്രകൃതിയെയും മനുഷ്യരാശിയെയും വന്ദുരന്തത്തിലേക്ക് കൊണ്ടുചെന്നെത്തിക്കുന്ന ആഗോളതാപനത്തിനുള്ള മറുപടി മരങ്ങളാണ്.ആഗോളതാപനത്തിന്റെ വെല്ലുവിളി നേരിടാന് ജൈവവൈവിധ്യത്തിന്റെ കലവറയായ കാടിനെ തിരികെ കൊണ്ടുവന്നേ മതിയാകൂ.പരമാവധി മരങ്ങള് നട്ടുപിടിപ്പിച്ച് നമുക്കും പ്രകൃതിയെ പച്ചക്കുട ചൂടിക്കുന്ന പ്രവര്ത്തനങ്ങളില് പങ്കുചേരാം.

“ഒരു
തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു
തൈ നടാം കൊച്ചുമക്കള്ക്കുവേണ്ടി
ഒരു
തൈ നടാം നൂറു കിളികള്ക്കുവേണ്ടി
ഒരു
തൈ നടാം നല്ല നാളേക്കുവേണ്ടി.

എന്ന കവിതാശകലം നമുക്ക് ഏറ്റുപാടാം.വനങ്ങള് വെട്ടിനശിപ്പിച്ചും കുന്നുകളിടിച്ചും വയലും കായലും നികത്തിയും ഊഷരമായിപ്പോയ പ്രകൃതിയെ നമുക്ക് തിരിച്ചുകൊണ്ടുവരാം.

പാർവ്വതി സാബു
9എ

# Little Kites- Activities




One Day Camp


എന്റെ അമ്മ Smart അമ്മ